എഐയുടെ ഭവിഷ്യത്തുകളെക്കുറിച്ച്

ആശങ്കയില്ലെന്നു മാർപാപ്പ

റോം: നിർമിതബുദ്ധി (എഐ) സാങ്കേതികവിദ്യ മാനവരാശിക്കു ഭീഷണിയാകുമെന്ന വിദഗ്ധരുടെ മുന്നറിയിപ്പുകളെ ഗൗരവത്തോടെ കാണുന്നുണ്ടെങ്കിലും തനിക്ക് ആശങ്കയില്ലെന്ന് ലെയോ പതിനാലാമൻ മാർപാപ്പ ഫ്രാൻസിലെ നാലുദിവസത്തെ സന്ദർശനം പൂർത്തിയാക്കി മെറ്റ്സിൽ നിന്നു റോമിലേക്ക് മടങ്ങുന്നതിനിടെ വിമാനത്തിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

എഐ സാങ്കേതികവിദ്യ മനുഷ്യകുലത്തിന്റെ നാശത്തിനു വഴിവയ്ക്കുമെന്ന വാദങ്ങൾ വെറും വ്യാജവാർത്തയല്ലെന്ന് മാർപാപ്പ ചൂണ്ടിക്കാട്ടി. എഐ വികസനത്തിൽ മനുഷ്യന്റെ നിയന്ത്രണം തെറ്റിപ്പോകാതിരിക്കാനും ഇതുസംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്താനുമായി വത്തിക്കാൻ പ്രത്യേക കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. വരാനിരിക്കുന്ന അപകടങ്ങൾ കണ്ടില്ലെന്നു നടിക്കാനാകില്ല. എഐ മാനവരാശിയെ നശിപ്പിക്കുന്ന ഘട്ടത്തിലേക്ക് എത്താതിരിക്കാൻ കർശനമായ നിയന്ത്രണങ്ങളും സംവാദങ്ങളും ആവശ്യമാണെന്നും മാർപാപ്പ പറഞ്ഞു.

ലൂർദ് സന്ദർശനത്തിനിടെ ദയാവധത്തിനെതിരേ സംസാരിച്ചതിനെക്കുറിച്ചുള്ള ചോദ്യത്തിന്, സഭയുടെ സാമൂഹിക ദർശനം വ്യക്തമാക്കുക മാത്രമാണു ചെയ്തതെന്നും രാഷ്ട്രീയത്തിൽ ഇടപെട്ടിട്ടില്ലെന്നും മാർപാപ്പ മറുപടി നൽകി. രോഗവും വേദനയും സഹിക്കുന്ന ഓരോ വ്യക്തിയുടെയും ജീവിതത്തിന് വലിയ മൂല്യമുണ്ടെന്നാണു സഭ വിശ്വസിക്കുന്നതെന്നു മാർപാപ്പ വ്യക്തമാക്കി.

അർഥശൂന്യമായ യുദ്ധങ്ങൾ അവസാനിപ്പിക്കാൻ റഷ്യയും യുക്രെയ്നും ചർച്ചയുടെ മേശപ്പുറത്തേക്കു വരണമെന്ന് മാർപാപ്പ ആവശ്യപ്പെട്ടു. ആയുധക്കച്ചവടത്തിലൂടെ കോടികൾ കൊയ്യുന്ന ചിലരുടെ സ്വാർഥതയാണ് ഇത്തരം യുദ്ധങ്ങൾ നീണ്ടുപോകാൻ കാരണം.

ആയുധ നിർമാണത്തിനായി ഒഴുക്കുന്ന പണം ലോകത്തിലെ പട്ടിണിയും ഭവനരഹിതരുടെ പ്രശ്നങ്ങളും തൊഴിലില്ലായ്മയും പരിഹരിക്കാൻ ഉപയോഗിക്കണം. സമാധാനവും മാനവികതയും മുൻനിർത്തി സഭ എപ്പോഴും ശബ്ദമുയർത്തും. ആയുധങ്ങൾ ഉപയോഗിച്ച് കാര്യങ്ങൾ അടിച്ചേൽപ്പിക്കുന്നതിനു പകരം സംഭാഷണങ്ങളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നേതാക്കൾ തയാറാകണമെന്നും മാർപാപ്പ ആവശ്യപ്പെട്ടു.

മെഡിക്കൽ കോളജ് ആശുപത്രിയിലെ ഫാർമസിയിൽ മരുന്നു വാങ്ങാൻ എത്തിയവരുടെ തിരക്ക്.

തൃശൂർ മെഡി. കോളജ് ആശുപത്രിയിൽ മൂന്നാഴ്ചയായി മരുന്നുക്ഷാമം

മുളങ്കുന്നത്തുകാവ്: ഗവൺമെന്റ് മെഡിക്കൽ കോളജ് ആശുപത്രിയിൽ കഴിഞ്ഞ മൂന്നാഴ്ചയായി കടുത്ത മരുന്നുക്ഷാമം. ഡോക്ടർമാർ നിർദേശിക്കുന്ന മരുന്നുകളിൽ ഒന്നോ രണ്ടോ ഇനങ്ങൾ മാത്രമാണു ഫാർമസിൽനിന്നു ലഭിക്കുന്നത്. പലപ്പോഴും മരുന്നുകൾ പുറത്തുനിന്നു വാങ്ങേണ്ട അവസ്ഥയാണ്.

രക്തസമ്മർദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്കും കീമോതെറാപ്പി, അപസ്മാരം എന്നിവയ്ക്കും ഉപയോഗിക്കുന്ന മരുന്നുകൾക്കാണു പ്രധാനമായും ക്ഷാമം നേരിടുന്നത്. മരുന്നുക്ഷാമം രോഗികളെ ബാധിക്കാതിരിക്കാൻ മുൻകരുതലുകൾ എടുത്തിരുന്നെങ്കിലും പ്രതിസന്ധി അനുഭവപ്പെടുന്നുണ്ട്. ആശുപത്രി വികസന ഫണ്ട് ഉപയോഗിച്ചാണ് അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കാൻ ശ്രമം നടത്തുന്നത്.

ആശുപത്രിയിലെ എല്ലാ വാർഡുകളിലും ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ആവശ്യമായ മരുന്നുകൾ ചെറിയതോതിൽ എത്തിക്കാൻ സാധിച്ചതിനാൽ രൂക്ഷമായ അവസ്ഥയിൽ അയവുണ്ടായി.

മ്യാൻമറിലെ മാർക്കറ്റിൽ

ബോംബിട്ട് പട്ടാള ഭരണകൂടം; 50 പേർ കൊല്ലപ്പെട്ടു

കൊല്ലപ്പെട്ടവരിൽ സ്ത്രീകളും കുട്ടികളും

യാങ്കോൺ: മ്യാൻമറിൽ റാഖൈൻ സംസ്ഥാനത്തെ വിമത മേഖലയിൽ പട്ടാളഭരണകൂടം നടത്തിയ വ്യോമാക്രമണത്തിൽ 50 പേർ കൊല്ലപ്പെട്ടു. 58 പേർക്കു പരിക്കേറ്റു. തിങ്കളാഴ്ച ക്യാക്ത്വാ പട്ടണത്തിലെ മാർക്കറ്റിൽ യുദ്ധവിമാനം രണ്ടു ബോംബുകൾ ഇട്ടെന്നാണ് പട്ടാളത്തിനെതിരേ പോരാടുന്ന അരാക്കൻ ആർമി എന്ന വിമത ഗ്രൂപ്പ് അറിയിച്ചത്. കൊല്ലപ്പെട്ടവരിൽ ഭൂരിഭാഗവും സിവിലിയന്മാരാണ്. സ്ത്രീകളുടെയും കുട്ടികളുടെയും മൃതദേഹചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിച്ചു. ആക്രമണത്തിൽ മാർക്കറ്റിലെ കെട്ടിടങ്ങളും സമീപത്തെ പാലവും നശിച്ചു.

മ്യാൻ പട്ടാളം മനഃപൂർവം സ്കൂളുകളും മാർക്കറ്റുകളും പോലുള്ള സിവിലിയൻ കേന്ദ്രങ്ങൾ ആക്രമിക്കുകയാണെന്ന് അരാക്കൻ ആർമി ആരോപിച്ചു.

പട്ടാളം 2021ൽ അട്ടിമറിയിലൂടെ മ്യാൻമറിന്റെ ഭരണം പിടിച്ചെടുത്തതുമുതൽ രാജ്യം ആഭ്യന്തരയുദ്ധത്തിലാണ്. സംഘർഷങ്ങളിൽ ഒരു ലക്ഷത്തോളം പേർ കൊല്ലപ്പെടുകയും 25 ലക്ഷം പേർ അഭയാർഥികളാവുകയും ചെയ്തുവെന്നാണു കണക്ക്.

ബലൂചിസ്ഥാൻ വിഘടനവാദികൾക്ക് പുതിയ വനിതാ സംഘടന

ഇസ്‌ലാമാബാദ്: പാക്കിസ്ഥാനിലെ വിഘടനവാദ സംഘടനയായ ബലൂചിസ്ഥാൻ വിമോചന മുന്നണി (ബിഎൽഎഫ്) പുതുതായി രൂപവത്കരിച്ച വനിതാ സായുധ സംഘം ആദ്യമായി സൈന്യത്തെ ആക്രമിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നു. പാക് സേനയുടെ വാഹന വ്യൂഹത്തിനു നേർക്ക് വനിതാ പോരാളികൾ വെടിയുതിർക്കുന്ന രംഗങ്ങളാണു വീഡിയോയിലുള്ളത്. സംഭവത്തിൽ ഒമ്പതു പാക് സൈനികർ കൊല്ലപ്പെട്ടതായി ബിഎൽഎഫ് അവകാശപ്പെട്ടു.

ബലൂചിസ്ഥാൻ പ്രവിശ്യയിലെ തുർബാത്തിൽ സെപ്റ്റംബർ 22നായിരുന്നു ആക്രമണം. ബിഎൽഎഫ് രൂപവത്കരിച്ച കരീമ സായുധ സേനാ ഡിവിഷൻ (കെഎഎഡി) എന്ന വനിതാ യൂണിറ്റാണ് പാക് സേനയിലെ ക്വിക് റെസ്പോൺസ് ഫോഴ്സിന്റെ മൂന്നു വാഹനങ്ങളെ ആക്രമിച്ചത്.

വനിതാ സേനയുടെ കമാൻഡർ സഹപ്രവർത്തകരോടു ദൗത്യത്തെക്കുറിച്ച് വിവരിക്കുന്നതും പിന്നാലെ പാക് സൈന്യത്തിനു നേർക്ക് വെടിയുതിർക്കുന്നതും വീഡിയോയിൽ കാണാം.

ആക്രമണത്തിൽ പാക് സേനയുടെ വാഹനങ്ങൾ നശിച്ചെന്നാണു ബിഎൽഎഫ് അറിയിച്ചത്. വനിതാ സേനയെ വളയാൻ ശ്രമിച്ച പാക് സൈന്യത്തെ ബിഎൽഎഫിന്റെ മറ്റൊരു യൂണിറ്റെത്തി തുരത്തിയതായും അവകാശപ്പെട്ടു. ഇതിനിടെ ഒരു ബലൂച് പോരാളി കൊല്ലപ്പെടുകയുണ്ടായി.

ബലൂചിസ്ഥാൻ പ്രവിശ്യയുടെ സ്വാതന്ത്ര്യത്തിനായി പോരാടിയ കരീമ ബലൂചിന്റെ പേരാണ് പുതിയ വനിതാ സായുധ സംഘത്തിനു നല്കിയിരിക്കുന്നത്. കരീമയെ 2020ൽ കാനഡയിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.

പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ നേതൃത്വത്തിൽ ലോക ഹൃദയദിനാചരണത്തോടനുബന്ധിച്ചു നടന്ന വാക്കത്തൺ ഒറ്റപ്പാലം സബ് കളക്ടർ അഞ്ജീത് സിംഗ് ഫ്ലാഗ് ഓഫ് ചെയ്യുന്നു. നെഹ്‌റു ഗ്രൂപ്പ് ചെയർമാൻ അഡ്വ. ഡോ. പി. കൃഷ്ണദാസ് സമീപം.

പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ലോക ഹൃദയദിനാചരണം

വാണിയംകുളം: പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ നേതൃത്വത്തിൽ ലോക ഹൃദയദിനാചരണം സംഘടിപ്പിച്ചു. രാവിലെ ഏഴിന് ഒറ്റപ്പാലം റോട്ടറി ക്ലബ്ബിൽനിന്ന് പി.കെ. ദാസ് ആശുപത്രിയിലേക്കു നടന്ന വാക്കത്തണോടെയാണ് പരിപാടികൾക്കു തുടക്കമായത്. ഒറ്റപ്പാലം സബ് കളക്ടർ അഞ്ജീത് സിംഗ് വാക്കത്തൺ ഫ്ലാഗ് ഓഫ് ചെയ്തു.

തുടർന്ന് പി.കെ. ദാസ് ഡീംഡ് ടു ബീ യൂണിവേഴ്സിറ്റി ചാൻസലറും മൗറീഷ്യസ് ഇന്ത്യ ഹോണററി ട്രേഡ് കമ്മീഷണറും നെഹ്‌റു ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാനും മാനേജിംഗ് ട്രസ്റ്റിയുമായ അഡ്വ. ഡോ. പി. കൃഷ്ണദാസ് ഉദ്ഘാടനം നിർവഹിച്ചു. സമാപനച്ചടങ്ങിൽ പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ (ഓപ്പറേഷൻസ്) ഡോ. ആർ.സി. കൃഷ്ണകുമാർ പ്രഭാഷണം നടത്തി. റോട്ടറി ക്ലബ് ഓഫ് ഒറ്റപ്പാലം പ്രസിഡന്റ് സതീഷ് നായർ, പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ ഡോ. സതീഷ് ജി. പ്രഭു എന്നിവർ പ്രസംഗിച്ചു.

ഹൃദയാരോഗ്യ ബോധവത്കരണപ്രഭാഷണം കമ്യൂണിറ്റി മെഡിസിൻവിഭാഗം ഡോ. റമീല സന്യ നിർവഹിച്ചു. ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ജോബി പി. ചാക്കോ നന്ദി പറഞ്ഞു.

ഇറാന് ഇളവുകൾ വാഗ്ദാനം ചെയ്തെന്നു മാധ്യമങ്ങൾ; നിഷേധിച്ച് ട്രംപ്

വാഷിംഗ്ടൺ ഡിസി: യുദ്ധം അവസാനിപ്പിക്കാൻ ഇറാന് ഇളവുകൾ വാഗ്ദാനം ചെയ്തുവെന്ന വാർത്തകൾ അമേരിക്കൻ പ്രസിഡന്റ് ട്രംപ് നിഷേധിച്ചു. ഇറാന് ഒരു വാഗ്ദാനവും നല്കിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു.

ആണവപദ്ധതികൾ അവസാനിപ്പിക്കാൻ തയാറായാൽ ഉപരോധങ്ങൾ ഇളയ്ക്കാമെന്നും മരവിപ്പിച്ച ആസ്തികൾ വിട്ടുകൊടുക്കാമെന്നും ട്രംപ് ഭരണകൂടം ഇറാനെ അറിയിച്ചുവെന്നായിരുന്നു റിപ്പോർട്ടുകൾ.

ഇറാൻ-അമേരിക്ക യുദ്ധം അവസാനിപ്പിക്കാൻ മധ്യസ്ഥശ്രമങ്ങൾ പുനരാരംഭിച്ചിരിക്കേയാണ് ഈ വാർത്ത പുറത്തുവന്നത്. നയതന്ത്രമാർഗത്തിലൂടെയേ സംഘർഷം അവസാനിക്കൂവെന്ന് ഇറാൻ ഞായറാഴ്ച അറിയിച്ചിരുന്നു.

ഏഴു ദിവസത്തിനുള്ളിൽ യുദ്ധം അവസാനിപ്പിക്കാനും ഹോർമുസ് കടലിടുക്ക് തുറക്കാനുമുള്ള പദ്ധതി ഇറാൻ ന്യൂയോർക്കിലെ യുഎൻ സമ്മേളനത്തിനിടെ മധ്യസ്ഥർവഴി അമേരിക്കയ്ക്കു കൈമാറിയിരുന്നു. പദ്ധതി തള്ളിയെന്ന് ട്രംപ് പിന്നാലെ അറിയിക്കുകയുണ്ടായി.

അറിയിപ്പ്

എന്റെ പിതാവ് പുതൂർ കൊളങ്ങാടൻ മകൻ കുട്ടൻ എന്നവർക്ക് സിദ്ധിച്ച അവണൂർ വില്ലേജിൽ റീസർവ്വെ 34/58 ൽ (മുൻസർവ്വെ 30/10 ൽ) പെട്ട വഹകളുടെ രേഖയായ തൃശ്ശൂർ തഹസീൽദാർ അവർകളിൽ നിന്നും 8.08.1980 ൽ 1399/80 നമ്പർ പട്ടയം കൈമോശം വന്ന് പോയിട്ടുള്ളതാണ്. ആകയാൽ ടി പട്ടയത്തിന്റെ കോപ്പി ഉപയോഗിച്ച് മേപ്പടി വഹകൾ ഞാനും മറ്റും ചേർന്ന് ഭാഗിക്കുവാൻ ഉദ്ദേശിക്കുന്നു. അതിന് ആർക്കെങ്കിലും ഏതെങ്കിലും വിധത്തിൽ എതിർപ്പുണ്ടെങ്കിൽ ഈ പരസ്യതിയ്യതി മുതൽ 15 (പതിനഞ്ച്) ദിവസത്തിനുള്ളിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത അവധിയ്ക്കുശേഷം ടി വഹകൾ ഞങ്ങൾ ഭാഗം ചെയ്യുന്നതാണെന്ന് ഇതിനാൽ പരസ്യപ്പെടുത്തുന്നു.

എന്ന്
2026 സെപ്റ്റംബർ മാസം
30-ാം തിയതി
പുതൂർ കുട്ടൻ മകൻ സുരേന്ദ്രൻ
പി. ഒ. അവണൂർ – 680 541.

T2609-603949

BSc NURSING
KVG MEDICAL COLLEGE
NEAR KASARAGOD
(2025-26 ലെ INC അംഗീകാരം ലഭിച്ചത്)
BSc(N), GNM, MSc (N),Post BSc, Para Medical
തുടങ്ങിയ കോഴ്സുകൾക്ക് സീറ്റുകൾ ലഭ്യമാണ്.
- Karnataka Entrance Exam ആവശ്യമില്ല.
Admission Co-ordinator
97454 89423
94460 34284
K2509-572334

NOTIFICATION

I, MURALEEDHARAN. K Kolecheri Thodi, Venganellore, Chelakara, Thrissur -680586.

Hereby bring to the notice of the public that my Degree Certificate Register Nos. 4288 & 94005 April 1989, April 1990, and April 1992 of Calicut University have been irrecoverably lost while I was travelling by bus; as such, I am applying to Calicut University for issue of duplicate certificates. If anybody has an objection to this, please intimate the same to the undersigned as well as the university.

T2609-603943

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
ബ്ലോക്ക്, മെയിന്റനൻസ്
ജില്ലയിൽ എവിടെയും
പകലും വൃത്തിയാക്കുന്നു
9846237864
T2609-601761

ഹോം നേഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ, GNM നേഴ്സിംഗ് എന്നീ ജോലിയ്ക്കും, ജോലിക്കാർക്കും. ശമ്പളം: രൂപ 17000 - 45000. സ്ത്രീ/ പുരുഷൻ.
Contact:
വെസ്റ്റേൺ, മുട്ടം, തൊടുപുഴ
9446813356, 9388810095
Ph: 04862-255326
K2410-542782

സീനായി സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
9656104346
ബ്ലോക്ക്, മെയിന്റനൻസ്
ജില്ലയിൽ എവിടെയും രാത്രിയും പകലും വൃത്തിയാക്കുന്നു.
T2609-602545

നഷ്ടപ്പെട്ടു

എന്റെ മുത്തശ്ശിയുടെ പേരിൽ ആലത്തൂർ സബ് രജിസ്ട്രാർ ഓഫീസിൽ 1907 ൽ 986 നമ്പറായി എഴുതി രജിസ്ട്രാക്കിച്ചു വാങ്ങിയ ജന്മം തീരാധാരത്തിന്റെ ഒറിജിനൽ എന്റെ പക്കൽ നിന്നും യാത്രയ്ക്കിടെ തിരിച്ചുകിട്ടാത്തവിധം നഷ്ടപ്പെട്ടു പോയിരിക്കുന്നു. ആയത് കണ്ടുകിട്ടുന്നവർ താഴെ കൊടുത്ത എന്റെ വിലാസത്തിലോ ഫോൺ നമ്പറിലോ അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

എന്ന്, **രാധാകൃഷ്ണൻ സി വി**
ഹേമന്തം, അകത്തേത്തറ,
പാലക്കാട്, 678008
Mob. 98093 73202

T2609-603947

ദീപിക ക്ലാസിഫൈഡ്സ്

Federal Bank

THE FEDERAL BANK LTD, Federal Towers, T.B. Road,
Sakthan Thampuran Nagar, Veliyannur, Thrissur, Keralam-680001.

NOTICE REGARDING THE PROPOSED MORTGAGE

We hereby give public notice that we have accepted and also propose to accept the property comprised in Sy. No., Old Sy. No. 42/7P, Re Sy. Block No. 33 and Re Sy. No. 229/2P (229/2-1 as per title deed) in Avinissery Village, Thrissur Taluk, Thrissur District having an extent of 24 cents (9.71 Ares) belonging to Mr. K.O. Thobias aged 57 years, S/o. K.V. Ouseph residing at: Kallukkaran House, Holy Angels Road, Ollur P O, Trikkur, Thrissur, Keralam-680306 covered by WILL Deed No. 94/III/2010 dated 19-04-2010 of Cherpu SRO executed by his mother Late Veronica Ouseph 31/762, Kallukkaran House, Holy Angels Road, Ollur-680306 as security by way of Equitable Mortgage by deposit of title deeds for the purpose of securing loans granted/to be granted to the title holders. If anyone has any claim/charges/objection whatsoever over the said property may prefer the same before us within 15 days, from the date of this publication, failing which it will be taken that there is no subsisting claims on the said property.

Date : 30-09-2026 (Sd/-) Manager, The Federal Bank Ltd,
Place : Thrissur Contact No. 8281383316

T2609-603939

Little Flower College (Autonomous) Guruvayoor

P.O. Puthenpally - 680 103, Thrissur, Kerala
Ph: 0487 2556957

ടെൻഡർ അറിയിപ്പ്

31/03/2027 വരെ ഈ കോളേജിലെ ഡിപ്പാർട്ട്മെന്റുകൾക്കായി കെമിക്കൽസ്, ഗ്ലാസ് വെയർ ഉപകരണങ്ങൾ മുതലായവ വാങ്ങുന്നതിന് പ്രശസ്ത കമ്പനികളിൽ നിന്നും, അംഗീകൃത ഏജൻസികളിൽ നിന്നും സീൽ ചെയ്ത ടെൻഡറുകൾ ക്ഷണിക്കുന്നു. ടെൻഡർ ക്വോട്ട് 31/03/2027 വരെ സാധുതയുള്ള തായിരിക്കണം. അതായത് മുകളിൽ പറഞ്ഞ തിയതി വരെ ടെൻഡർ വിലയിൽ വ്യത്യാസമുണ്ടാകില്ല.

ടെൻഡർ നമ്പർ
LFC/A/PD/LAB/01/2026-2027

ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും: 29/10/2026 രാവിലെ 10 മണി.
എസ്റ്റിമേറ്റ് തുക (ഏകദേശം): 1,56,000/-
ടെൻഡർ ഫോമിന്റെ വില: 600/- + GST
ഏണസ്റ്റ് മണി ഡെപ്പോസിറ്റ്: എസ്റ്റിമേറ്റിന്റെ 1 %
ടെൻഡർ ഫോമുകളും മറ്റ് വിശദാംശങ്ങളും കോളേജ് ഓഫീസിൽ നിന്നും ലഭിക്കുന്നതായിരിക്കും.

Sd/-
Principal-in-Charge

T2609-603953

പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി, എറണാകുളം

पंजाब नैशनल बैंक ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

1-ാം നില, പിൻ.എൻ.ബി.ഹൗസ്, നം. 40/1461, മാർക്കറ്റ് റോഡ്, എറണാകുളം – 682011,
Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ പ്രൊവിസോ റൂൾ 8(6) & 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപ്പന നോട്ടീസ്.

താഴെ പറയുന്ന വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ/ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "എതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും പണയക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെ വിവരങ്ങളും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ക്രമ നം.	ശാഖയുടെ പേര്/ വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക, (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി (പ്രതീകാത്മക/പ്രത്യക്ഷമായി/ക്രിയാത്മകമായി)
1	PNB ARMB എറണാകുളം **M/s. അന്ന അസോസിയേറ്റ്സ്**, 1-ാം നില, സ്വർണം ടവേഴ്സ്, സൗത്ത് ചാലക്കുടി, തൃശ്ശൂർ കേരളം-680307,, **ശ്രീ. ബെൻസൺ ഡൊമിനിക്**, അമ്പൂക്കൻ ഹൗസ്, കുണ്ടായ്, എം.ടി ഹോസ്പിറ്റലിന് സമീപം, കുഴിക്കാട്ടുശ്ശേരി, തൃശ്ശൂർ-680697, **ശ്രീ. വർഗീസ് ഇ ഐ**, എലുവത്തിങ്കൽ ഹൗസ്, NSS സ്കൂളിന് സമീപം, ചാലക്കുടി, തൃശ്ശൂർ-680307, **ശ്രീ. ഡൊമിനിക്** (ജാമ്യക്കാരൻ), അമ്പൂക്കൻ, തരകൻപറമ്പിൽ ഹൗസ്, മാള, കുഴിക്കാട്ടുശ്ശേരി പി.ഒ, ചാലക്കുടി, തൃശ്ശൂർ-680697	തൃശ്ശൂർ ജില്ല, താഴേക്കാട് വില്ലേജിൽ, ശ്രീ. ഡൊമിനിക് വക (1) സർവേ നം. 910/1 ൽ പെട്ട 8.26 ആർ, (2) സർവേ നം. 908/11 ൽ പെട്ട 13.45 ആർ, (3) സർവേ നം. 910/1 ൽ പെട്ട 33.58 ആർ, (4) സർവേ നം. 911/1 ൽ പെട്ട 1.21 ആർ സ്ഥലവും അതിലിരിപ്പ് കെട്ടിടവും മറ്റ് കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** കനാൽ; **തെക്ക്:** വിൻസന്റ് അംബൂക്കൻ വക വസ്തു; **കിഴക്ക്:** വിൻസന്റ് വക വസ്തു; **പടിഞ്ഞാറ്:** കുര്യപ്പൻ അംബൂക്കൻ വക വസ്തുവും റോഡും. സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകൾ ഇല്ല	(എ) 13(2) - 01.02.2023 (ബി) 31.08.2026 ലെ **രൂപ 3,80,17,363.52 (മൂന്ന് കോടി എൺപത് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി അറുപത്തി മൂന്ന് രൂപ അൻപത്തി രണ്ട് പൈസ മാത്രം)** യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശനോട്ടീസ് തീയതി: 09.06.2023 (ഡി) പ്രത്യക്ഷ കൈവശം (എ) കരുതൽ വില: രൂപ 3,85,00,000/- (ബി) നിരതദ്രവ്യം: രൂപ 38,50,000/- (സി) ലേല വർദ്ധന തുക: രൂപ 1,00,000/-
2	PNB ARMB എറണാകുളം (1) **ശ്രീ. ദിക്ഷിത് രാഘവ്**, S/o സതീഷ് കെ ആർ, (2) **ശ്രീ. സതീഷ് കെ. ആർ**, (3) **ശ്രീമതി. ലക്ഷ്മി തീർത്ഥ**, D/o സതീഷ് കെ.ആർ, (4) **ശ്രീമതി. തനൂജ സതീഷ്**, W/o സതീഷ് കെ.ആർ, എല്ലാവരുടെയും വിലാസം: കോട്ടക്കകത്ത് ഹൗസ്, പി.ഒ എടത്തിരുത്തി, തൃശൂർ-680703.	തൃശ്ശൂർ ജില്ലയിൽ, കൊടുങ്ങല്ലൂർ താലൂക്കിൽ എടത്തിരുത്തി വില്ലേജിൽ, ശ്രീമതി.തനൂജ സതീഷ് & ശ്രീ.ദിക്ഷിത് രാഘവ് പേരിലുള്ള (1) സർവ്വേ നം. 171/15ൽ പെട്ട 1.21 ആർസ്, (2) സർവ്വേ നം. 171/13ൽ പെട്ട 0.23 ആർസ്, (3) സർവ്വേ നം. 171/9ൽ പെട്ട 2.75 ആർ & (4) സർവ്വേ നം. 171/13ൽ പെട്ട 14.97 ആർ ആകെ 19.16 ആർ (47.360 സെന്റ്) പറമ്പും താമസയോഗ്യമായ കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** വാഴപ്പുള്ളി സുരേഷ് വക വസ്തു, **തെക്ക്:** പഞ്ചായത്ത് റോഡ് & മുത്തലീഫ് വക പറമ്പ്, **കിഴക്ക്:** മുത്തലീഫ് വക പറമ്പ്, **പടിഞ്ഞാറ്:** കൊല്ലറ സൂരജ് & മുത്തലീഫ് വക വസ്തുക്കൾ. സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകൾ ഇല്ല	(എ) 13(2) - 18.11.2024 (ബി) 31.08.2026 ലെ **രൂപ 45,19,612.19 (നാൽപ്പത്തിയഞ്ച് ലക്ഷത്തി പത്തൊൻപതിനായിരത്തി അറുന്നൂറ്റി പന്ത്രണ്ട് രൂപ പത്തൊൻപത് പൈസ മാത്രം)** യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശനോട്ടീസ് തീയതി: 05.02.2025 (ഡി) പ്രത്യക്ഷ കൈവശം (എ) കരുതൽ വില: രൂപ 32.60 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 3.26 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 10,000/-
3	PNB ARMB എറണാകുളം **M/s. എൻ.എസ്. നാച്ച്വറൽസ്**, ശാന്തിനഗർ, ചെങ്ങല്ലൂർ. എസ്.ഒ., മനക്കൽകസവ് വിഷ്ണു ക്ഷേത്രം, തൃശ്ശൂർ-680312, **ശ്രീ. നാരായണൻകുട്ടി. ഇ. ജി**, ഇടപ്പറമ്പിൽ ഹൗസ്, വേലുപ്പാടം പി.ഒ., തൃശ്ശൂർ-680303	തൃശ്ശൂർ ജില്ല, പിൻ-680312, മുകുന്ദപുരം താലൂക്ക്, ചെങ്ങല്ലൂർ വില്ലേജിൽ സർവ്വേ നം. 394/3-20 ൽ പെട്ട 0.814 ഹെക്ടർ (വിലയാധാരം നം. 1463 /2022), സർവ്വേ നം. 394/3-23 ൽ പെട്ട 0.0718 ഹെക്ടർ (വിലയാധാരം നം. 1284 /2018) സ്ഥലവും മറ്റ് അവകാശങ്ങളും സകലവിധ കുഴിക്കൂർ ചമയങ്ങളും കൂടിയാകുന്നു. **ആധാരം നം. 1463 /2022 പ്രകാരം അതിരുകൾ: വടക്ക്:** പഞ്ചായത്ത് വഴി; **തെക്ക്:** വൈലോപ്പിള്ളി അജി വക വസ്തു; **കിഴക്ക്:** നാരായണൻകുട്ടി വക പറമ്പ്; **പടിഞ്ഞാറ്:** വിഷ്ണു ക്ഷേത്രവും ക്ഷേത്രത്തിലേക്കുള്ള സ്വകാര്യ റോഡും **ആധാരം നം. 1284 /2018 പ്രകാരം അതിരുകൾ: വടക്ക്:** പഞ്ചായത്ത് വഴി; **തെക്ക്:** വൈലോപ്പിള്ളി അജി വക വസ്തു; **കിഴക്ക്:** ഒല്ലൂക്കാരൻ വക പറമ്പ്; **പടിഞ്ഞാറ്:** ഷൺമുഖൻ വക വസ്തു. **കൈവശ സർട്ടിഫിക്കറ്റ് പ്രകാരം അതിരുകൾ: വടക്ക്:** പഞ്ചായത്ത് വഴി; **തെക്ക്:** വൈലോപ്പിള്ളി അജി വക വസ്തു; **കിഴക്ക്:** ഒല്ലൂക്കാരൻ വക പറമ്പ്; **പടിഞ്ഞാറ്:** വിഷ്ണു ക്ഷേത്രം വക വസ്തുവും ക്ഷേത്രത്തിലേക്കുള്ള വഴിയും. സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകൾ ഇല്ല	(എ) 13(2) - 16.06.2026 (ബി) 31.08.2026 ലെ **രൂപ 1,02,32,915.19 (ഒരു കോടി രണ്ട് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ പത്തൊൻപത് പൈസ മാത്രം)** യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശനോട്ടീസ് തീയതി: 09.09.2026 (ഡി) പ്രതീകാത്മക കൈവശം (എ) കരുതൽ വില: രൂപ 81,50,000/- (ബി) നിരതദ്രവ്യം: രൂപ 8,15,000/- (സി) ലേല വർദ്ധന തുക: രൂപ 1,00,000/-

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: ക്രമ നം.1 & 2: **26-10-2026 &** ക്രമ നം.3: **02-11-2026** വൈകുന്നേരം 4 മണിക്ക് മുൻപ്

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി ക്രമ നം. 1 & 2 : **23-10-2026 &** ക്രമ നം. 3: **31-10-2026**

ഇ-ലേല തീയതിയും സമയവും: ക്രമ നം.1 & 2 : 27-10-2026 & ക്രമ നം.3 : 03-11-2026ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 02.00 മണി വരെ

വ്യവസ്ഥകളും നിബന്ധനകളും: (1). വിൽപ്പന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. **(2).** വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "എതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപ്പന. **(3).** അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്ഥാവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല. **(4).** അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപ്പനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. **(5).** കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. **(6).** ലേല വിൽപ്പന **https://Baanknet.com** എന്ന ഇ-ലേല പ്ലാറ്റ്ഫോം മുഖാന്തിരം **ക്രമ നം.1 & 2: 27-10-2026 & ക്രമ നം.3: 03-11-2026 ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 02.00 മണിവരെയായിരിക്കും. (7).** ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധകളും കൂടുതൽ അറിയുന്നതിനായി **https://Baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 29-09-2026, സ്ഥലം: എറണാകുളം. (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി.എറണാകുളം

E2609-603912

കനറാ ബാങ്ക്, റീജിയണൽ ഓഫീസ്, പാലക്കാട്

Canara Bank

സേഫ് വേ കോംപ്ലക്സ്, പിരിവുശാല, ചന്ദ്രനഗർ പി.ഒ, പാലക്കാട്-678007,

അനക്സർ-10- കൈവശ നോട്ടീസ് [സെക്ഷൻ 13(4)] (സ്ഥാവര/ജംഗമ വസ്തുക്കൾക്ക് വേണ്ടി)

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (Act 54 of 2002) പ്രകാരവും ടി ആക്ടിന്റെ വകുപ്പ് 13 (12) സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002 ചട്ടം 3 പ്രകാരവും കനറാ ബാങ്ക് നിയമാനുസരണമുള്ള ഔദ്യോഗിക അധികാരമുപയോഗിച്ച് ടി ബാങ്കിന് വേണ്ടി താഴെ ഒപ്പിട്ടിരിക്കുന്ന ഔദ്യോഗിക അധികാരി അയച്ച നോട്ടീസ് പ്രകാരം ബാങ്ക് വായ്പ എടുത്ത വായ്പക്കാർക്ക് കുടിശ്ശിക സംഖ്യയും അതിൻമേലുള്ള പലിശയും മറ്റ് ചാർജുകളും സഹിതം നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം ബാങ്കിൽ അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതും, എന്നാൽ വായ്പ എടുത്തവർ വായ്പാ കുടിശ്ശികയും തുടർന്നുള്ള പലിശയും നോട്ടീസിൽ പ്രതിപാദിച്ച സമയത്തിനുള്ളിൽ ബാങ്കിൽ അടയ്ക്കാതെ വീഴ്ച വരുത്തിയിട്ടുള്ളതുകൊണ്ട് ടി ആക്ടിലെ വകുപ്പ് 13(4) ടി റൂൾസിലെ ചട്ടം 8 & 9 പ്രകാരം താഴെ വിവരിക്കുന്ന വസ്തു ടി ബാങ്ക് താഴെ കൊടുത്തിരിക്കുന്ന തീയതിയിൽ കൈവശം എടുത്ത വിവരം ടി വായ്പക്കാരേയും ജാമ്യക്കാരേയും പൊതുജനങ്ങളേയും തെര്യപ്പെടുത്തുന്നു.

1 ശാഖ: പുതുശ്ശേരി — വായ്പക്കാർ/ജാമ്യക്കാർ/സഹ വായ്പക്കാരുടെ പേരും

മേൽവിലാസവും: 1. ശ്രീ. ഗിരീഷ്. കെ. ബി S/o. കെ.പി.ബാലൻ, 45/360 മേലാമുറി, പള്ളിപ്പുറം പോസ്റ്റ്, പള്ളിപ്പുറം, പാലക്കാട്-678006, **2. ശ്രീമതി. സൗമ്യ. എസ്**, 31 7/78 കളിയംകുന്നം, കണ്ണാടി ഗ്രാമപഞ്ചായത്ത്, ആലത്തൂർ, പാലക്കാട്-678010

ഡിമാന്റ് നോട്ടീസ് തീയതി: **18/07/2026** — കൈവശമെടുത്ത തീയതി: **28/09/2026**

ഡിമാന്റ് നോട്ടീസ് തീയതിയിലെ തുക: രൂപ **2,83,183.38** (രണ്ട് ലക്ഷത്തി എൺപത്തി മൂവായിരത്തി ഒരുനൂറ്റി എൺപത്തി മൂന്ന് രൂപ മുപ്പത്തി എട്ട് പൈസ)

ഇപ്പോഴത്തെ കുടിശ്ശിക തുക: രൂപ **2,83,706.38** (രണ്ട് ലക്ഷത്തി എൺപത്തി മൂവായിരത്തി എഴുന്നൂറ്റി ആറ് രൂപ മുപ്പത്തി എട്ട് രൂപ) യും പലിശയും

സ്ഥാവര വസ്തുവിന്റെ വിവരണം: കൊടുവായൂർ സബ് രജിസ്ട്രാർ ഓഫീസിലെ 22/09/2010 ലെ 2758/2010 -ാം നം. രജിസ്റ്റേർഡ് ആധാര പ്രകാരം പാലക്കാട് ജില്ലയിൽ, കൊടുവായൂർ ഉപജില്ലയിൽ, കിനാശ്ശേരി അംശം ദേശം, കണ്ണാടി വില്ലേജിൽ റീ സർവേ നം. 368/2, പഴയ സർവേ നം. 154A/3 & 154C/7,8,9, ബ്ലോക്ക് നം. നം. 50 ൽ പെട്ട ശ്രീമതി.സൗമ്യ.എസ് പേരിലുള്ള 0.0122 ഹെക്ടർ വസ്തുവും മറ്റു സകലവിധ കുഴിക്കൂർ ചമയങ്ങളും. **ആധാര പ്രകാരം അതിരുകൾ: കിഴക്ക്:** സദാശിവൻ വക വസ്തു, **വടക്ക്:** നടവഴി, **പടിഞ്ഞാറ്:** ജിഷ വക വസ്തു, **തെക്ക്:** ജിഷ വക വസ്തു.

2 ശാഖ: പുതുശ്ശേരി — വായ്പക്കാർ/ജാമ്യക്കാർ/സഹ വായ്പക്കാരുടെ പേരും

മേൽവിലാസവും: 1. M/s. കളർ സൊലൂഷൻ, പ്രതിനിധീകരിച്ച് പ്രൊപ്രൈറ്റർ : ശ്രീമതി.സുരേഖ.എസ്, നം.3/1276 കെ.ടി.സി ജംഗ്ഷൻ, കഞ്ചിക്കോട്, പാലക്കാട്-678623, **2. ശ്രീമതി. സുരേഖ. എസ്** W/o. വിനോദ് കുമാർ.എ, കുളമേട് ഹൗസ്, വെനോളി, പുതുശ്ശേരി വെസ്റ്റ്, കഞ്ചിക്കോട്, പാലക്കാട്-678623, **3. ശ്രീ. വിനോദ് കുമാർ. എ** S/o. അനന്തകൃഷ്ണൻ, കുളമേട് ഹൗസ്, വെനോലി, പുതുശ്ശേരി വെസ്റ്റ്, കഞ്ചിക്കോട്, പാലക്കാട്-678623

ഡിമാന്റ് നോട്ടീസ് തീയതി: **24/07/2026** — കൈവശമെടുത്ത തീയതി: **28/09/2026**

ഡിമാന്റ് നോട്ടീസ് തീയതിയിലെ തുക: രൂപ **12,37,423.67** (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി നാന്നൂറ്റി ഇരുപത്തി മൂന്ന് രൂപ അറുപത്തി ഏഴ് പൈസ)

ഇപ്പോഴത്തെ കുടിശ്ശിക തുക: രൂപ **12,43,126.55** (പന്ത്രണ്ട് ലക്ഷത്തി നാൽപത്തി മൂവായിരത്തി ഒരുനൂറ്റി ഇരുപത്തി ആറ് രൂപ അൻപത്തി അഞ്ച് പൈസ) യും പലിശയും

സ്ഥാവര വസ്തുവിന്റെ വിവരണം: പാലക്കാട് സബ് രജിസ്ട്രാർ ഓഫീസിലെ 03/07/2004 ലെ 3921/2004 -ാം നം. രജിസ്റ്റേർഡ് ആധാര പ്രകാരം പാലക്കാട് ജില്ലയിൽ, പാലക്കാട് താലൂക്കിൽ, പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ, പുതുശ്ശേരി അംശം ദേശം, റീ സർവേ നം. 41/10, റീ സർവേ ബ്ലോക്ക് നം. 36, തണ്ടപ്പേർ അക്കൗണ്ട് നം. 6798 ൽ പെട്ട ശ്രീ.വിനോദ് കുമാർ പേരിലുള്ള 2.02 ആർസ് വസ്തുവും മറ്റു സകലവിധ കുഴിക്കൂർ ചമയങ്ങളും. **ആധാര പ്രകാരം അതിരുകൾ: കിഴക്ക്:** റോഡ്, **വടക്ക്:** ശ്രീനിവാസൻ വക വസ്തു, **പടിഞ്ഞാറ്:** ശ്രീനിവാസൻ വക വസ്തു, **തെക്ക്:** അരുൺ വക വസ്തു. CERSAI Registration ID: 400006897613

3 ശാഖ: കൂറ്റനാട് — വായ്പക്കാർ/ജാമ്യക്കാർ/സഹ വായ്പക്കാരുടെ പേരും

മേൽവിലാസവും: 1. ശ്രീ. പ്രകാശ്. എം. എസ് S/o. ശങ്കരനാരായണൻ, മാറയത്ത് മഠത്തിൽ, സൗത്ത് ബസാർ, കുറ്റിപ്പുറം, മലപ്പുറം-679571, **2. ശ്രീമതി. രാജി പ്രകാശ്** W/o. പ്രകാശ്.എം.എസ്, മാറയത്ത് മഠത്തിൽ, സൗത്ത് ബസാർ, കുറ്റിപ്പുറം, മലപ്പുറം-679571

ഡിമാന്റ് നോട്ടീസ് തീയതി: **29/07/2026** — കൈവശമെടുത്ത തീയതി: **29/09/2026**

ഡിമാന്റ് നോട്ടീസ് തീയതിയിലെ തുക: രൂപ **1,63,21,238.25** (ഒരു കോടി അറുപത്തി മൂന്ന് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി മുപ്പത്തി എട്ട് രൂപ ഇരുപത്തി അഞ്ച് പൈസ)

ഇപ്പോഴത്തെ കുടിശ്ശിക തുക: രൂപ **1,67,39,753.38** (ഒരു കോടി അറുപത്തി ഏഴ് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി അൻപത്തി മൂന്ന് രൂപ മുപ്പത്തി എട്ട് പൈസ) യും പലിശയും

സ്ഥാവര വസ്തുവിന്റെ വിവരണം: മതിലകം സബ് രജിസ്ട്രാർ ആഫീസിൽ 15/10/2025 ലെ 2170/2025 -ാം നമ്പർ രജിസ്റ്റേർഡ് ആധാര പ്രകാരം തൃശ്ശൂർ ജില്ല, കൊടുങ്ങല്ലൂർ താലൂക്ക്, കൈപ്പമംഗലം പഞ്ചായത്ത്, കൈപ്പമംഗലം ദേശത്ത്, കൈപ്പമംഗലം വില്ലേജിൽ ശ്രീ. പ്രകാശ് എം.എസ്. വക റീ സർവേ നം. 474/2A-20, റീ സർവേ ബ്ലോക്ക് നം. 1 ൽ പെട്ട 6.93 ആർസ് സ്ഥലവും അതിലിരിപ്പ് സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ (ആധാര പ്രകാരം): വടക്ക്:** ചളിങ്ങാട്ട് സുബ്രഹ്മണ്യ ക്ഷേത്രകുളം; **തെക്ക്:** PWD റോഡ് ; **കിഴക്ക്:** എലയാറ്റിൽ ഹഫ്സത്ത് വക വസ്തു; **പടിഞ്ഞാറ്:** വലിയകത്ത് സൈദു. CERSAI Registration ID: 400095432331

4 ശാഖ: പട്ടാമ്പി — വായ്പക്കാർ/ജാമ്യക്കാർ/സഹ വായ്പക്കാരുടെ പേരും

മേൽവിലാസവും: (1) **ശ്രീ. മണികണ്ഠൻ എം. പി**, S/o അയ്യപ്പൻ, മേലേപുരയ്ക്കൽ ഹൗസ്, കിഴയൂർ പി.ഒ, പട്ടാമ്പി, പാലക്കാട് - 679303 & (2) **ശ്രീമതി. യമുന എം. പി**, W/o മണികണ്ഠൻ, മേലേപുരയ്ക്കൽ ഹൗസ്, കിഴയൂർ പി.ഒ, പട്ടാമ്പി, പാലക്കാട്-679303

ഡിമാന്റ് നോട്ടീസ് തീയതി: **24/07/2026** — കൈവശമെടുത്ത തീയതി: **29/09/2026**

ഡിമാന്റ് നോട്ടീസ് തീയതിയിലെ തുക: രൂപ **3,97,724.46** (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എഴുന്നൂറ്റി ഇരുപത്തിനാല് രൂപ നാൽപത്തി ആറ് പൈസ)

ഇപ്പോഴത്തെ കുടിശ്ശിക തുക രൂപ **4,04,526.46** (നാല് ലക്ഷത്തി നാലായിരത്തി അഞ്ഞൂറ്റി ഇരുപത്തി ആറ് രൂപ നാൽപത്തി ആറ് പൈസ) യും പലിശയും

സ്ഥാവര വസ്തുവിന്റെ വിവരണം: പട്ടാമ്പി സബ് രജിസ്ട്രാർ ഓഫീസിലെ 16/10/2019 ലെ 2051/2019 -ാം നമ്പർ രജിസ്ട്രേഡ് ഒഴിവുകുറി ആധാര പ്രകാരവും & 06/11/1967 ലെ 1184/1967 -ാം നമ്പർ രജിസ്ട്രേഡ് ദാനപത്രാധാര പ്രകാരവും പാലക്കാട് ജില്ലയിൽ, പട്ടാമ്പി താലൂക്കിൽ, പട്ടാമ്പി വില്ലേജിൽ, കിഴയൂർ ദേശം, സർവേ നം. 40/8 B-6-1 ൽ പെട്ട ശ്രീ.മണികണ്ഠന്റെ പേരിലുള്ള 1.346 ആർസ് വസ്തുവും മറ്റു സകലവിധ കുഴുക്കൂറു ചമയങ്ങളും. **പട്ടാമ്പി വില്ലേജിൽ നിന്നും പുറപ്പെടുവിച്ച ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം അതിരുകൾ** (നം. 214/2020) : **കിഴക്ക്:** വിജയ രാഘവൻ വക വസ്തു & നടവഴി; **വടക്ക്:** മേലേപുരയ്ക്കൽ ഉണ്ണികൃഷ്ണൻ വക വസ്തു; **പടിഞ്ഞാറ്:** മേലേപുരയ്ക്കൽ ഗോപാലകൃഷ്ണൻ വക വസ്തു; **തെക്ക്:** ചന്തു കൈവശം വസ്തു. CERSAI Registration ID: 400040030322

വായ്പക്കാരോ മറ്റ് ആരെങ്കിലുമോ ബാങ്കിന്റെ രേഖാമൂലമുള്ള അനുമതി കൂടാതെ നടത്തുന്ന ഏത് നടപടികളും കരണങ്ങളും അസാധുവായിരിക്കുമെന്നും, ടി വസ്തുക്കളെ സംബന്ധിച്ച് ഏത് ഇടപാടുകൾക്കും വായ്പക്കാരിൽ നിന്നും ഈടാക്കാനുള്ള കുടിശിക തുകയും പലിശയും മറ്റ് ചിലവുകളും **കനറാ ബാങ്കിന്റെ** പ്രഥമ ചാർജായി നിലനിൽക്കുന്നതും ബാധകവുമാണെന്നും വായ്പക്കാരെ വിശേഷിച്ചും പൊതുജനങ്ങളെ പൊതുവായും ഇതിനടിയിൽ ഒപ്പിട്ടിരിക്കുന്ന ടി ബാങ്കിന്റെ അധികാരി എന്ന നിലയിൽ തെര്യപ്പെടുത്തുന്നു. ടി ബാദ്ധ്യതയിൽ നിന്നും സെക്യൂർഡ് അസറ്റ്സ് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാലാവധിയെ സംബന്ധിച്ച് സർഫേസി നിയമത്തിന്റെ വകുപ്പ് 13(8) ൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകളിലേയ്ക്ക് കൂടി കടക്കാരുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

സ്ഥലം: പാലക്കാട്, (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ,
തീയതി : 29-09-2026 കനറാ ബാങ്ക്

E2609-603950

Federal Bank

എൽ.സി.ആർ.ഡി
പാലക്കാട് ഡിവിഷൻ

ലക്ഷ്മി കോംപ്ലക്സ്, കൽമണ്ഡപം, കോയമ്പത്തൂർ മെയിൻ റോഡ്, പാലക്കാട്,
കേരളം-678001| ഫോൺ: 0491-2545766. ഇ-മെയിൽ: pkdlcrd@federal.bank.in,
Website: www.federal.bank.in | CIN: L65191KL1931PLC000368

കൈവശമെടുക്കൽ നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 സർഫേസി നിയമത്തിന്റെ 13(12)-ാം വകുപ്പും സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ന്റെ 3-ാം ചട്ടപ്രകാരവും സിദ്ധിച്ച അധികാരപ്രകാരം ബാങ്കിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുഖാന്തിരം വായ്പക്കാരായ **പാറ്റവിൻ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്**, VIII/191 M5, നവാർ കോംപ്ലക്സ്, മണ്ണാർക്കാട്, പാലക്കാട്-678582, ബി) ബിൽഡിങ്ങ് നം.10/552, നവാർ കോംപ്ലക്സ്, മണ്ണാർക്കാട്, പാലക്കാട്-678582, **മനോജ്കുമാർ.പി**, S/o.പവിത്രൻ, ചിറയിൽ ഹൗസ്, പുന്നത്തുറ, വെട്ടിമുകൾ പി.ഒ., ഏറ്റുമാനൂർ, കോട്ടയം-686631, **സിനി.സി.സി**, D/o.ചന്ദ്രൻ, ചിറയിൽ ഹൗസ്, പുന്നത്തുറ, വെട്ടിമുകൾ പി.ഒ., ഏറ്റുമാനൂർ, കോട്ടയം-686631, **പ്രജിത.പി**, W/o.കെ.സന്തോഷ് ബാബു, കൂരികണ്ടത്തിൽ ഹൗസ്, അരയൻകോട്, തേങ്കര, ശ്രീകൃഷ്ണപുരം, പാലക്കാട്-678582, **ഹോബി. എം. ആർ**, S/o.രവീന്ദ്രൻ, മാമ്പിള്ളീൽ, കുറിച്ചിത്താനം, കോട്ടയം-686634 എന്നിവർക്ക് കുടിശ്ശിക തുകയായ **രൂപ 89,21,842.70 (എൺപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തി രണ്ട് രൂപ എഴുപത് പൈസ)** 60 ദിവസത്തിനകം അടച്ചുതീർക്കാൻ ആവശ്യപ്പെട്ട് **11/05/2026** -ാം തീയതി ഡിമാന്റ് നോട്ടീസ് നൽകിയിരുന്നതും എന്നാൽ ടി നോട്ടീസ് പ്രകാരം തുക മുഴുവൻ അടച്ചുതീർക്കാതെ വീഴ്ച വരുത്തിയതിനാൽ ടി വായ്പയ്ക്ക് ഈടായി പണയപ്പെടുത്തിയ താഴെ പട്ടികയിൽ വിവരിക്കുന്ന വസ്തുവകകൾ ടി സർഫേസി നിയമത്തിന്റെ 13 (4)-ാം വകുപ്പും ടി റൂൾസിന്റെ 8-ാം ചട്ടവും പ്രകാരം **2026 സെപ്തംബർ 28 ന്** കൈവശപ്പെടുത്തിയ വിവരം വായ്പക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. പണയവസ്തുക്കൾ തിരിച്ചെടുക്കുന്നതിന് ലഭ്യമായ സമയത്തെ സംബന്ധിച്ച് ടി ആക്ടിന്റെ സെക്ഷൻ 13 (8) പ്രകാരമുള്ള വ്യവസ്ഥകളിലേക്ക് വായ്പക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ടി വസ്തു സംബന്ധിച്ച് യാതൊരു ഇടപാടും നടത്തരുതെന്ന് വായ്പക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും അറിയിക്കുന്നതിനോടൊപ്പം അതിനു വിരുദ്ധമായി ഏതെങ്കിലും ഇടപാട് നടത്തുന്ന പക്ഷം ആയത് **ഫെഡറൽ ബാങ്ക് ലിമിറ്റഡ് ശ്രീകൃഷ്ണപുരം ശാഖയ്ക്ക് ലഭിക്കാനുള്ള** 05/05/2026 ലെ തുകയായ **രൂപ 89,21,842.70 (എൺപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തി രണ്ട് രൂപ എഴുപത് പൈസ)** യ്ക്കും തിരിച്ചടവ് വരെ പലിശയ്ക്കും (കുടിശ്ശികയും പലിശയും താഴെ നൽകിയിരിക്കുന്നു) മറ്റ് ആകസ്മിക ചെലവുകൾക്കും വിധേയമായിരിക്കുമെന്നും അറിയിച്ചുകൊള്ളുന്നു.

ക്രമ നം.	ലോൺ അക്കൗണ്ട്	28/09/2026 ലെ കുടിശ്ശിക 28/09/2026 മുതലുള്ള പലിശയും
1.	EI-TL GENERAL 17026900000130	രൂപ 94,23,205.20

സ്ഥാവര വസ്തുക്കളുടെ വിശദ വിവരം: 1. കേരള സംസ്ഥാനത്ത്, പാലക്കാട് ജില്ലയിൽ, ഒറ്റപ്പാലം താലൂക്കിൽ, ശ്രീകൃഷ്ണപുരം 1 വില്ലേജിൽ, റീ സർവ്വേ നം. 318/20-1 (പഴയ സർവേ നം. 76/3 & 77/8), ബ്ലോക്ക് നം. 69 ൽ പെട്ട 14.16 ആർസ് സ്ഥലവും കെട്ടിടവും മറ്റു സകലവിധ കുഴിക്കൂർ ചമയങ്ങളും. **ആധാര പ്രകാരം അതിരുകൾ: കിഴക്ക്:** ബാലകൃഷ്ണൻ & അരുൺ സുബ്രഹ്മണ്യൻ വക വസ്തുക്കൾ; **പടിഞ്ഞാറ്:** പാറ്റ്വിൻ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് വക വസ്തു & പഞ്ചായത്ത് റോഡിലേക്കുള്ള 12 അടി വീതിയുള്ള വഴി; **വടക്ക്:** ബാലകൃഷ്ണൻ മാസ്റ്റർ വക വസ്തു; **തെക്ക്:** ബാലകൃഷ്ണൻ & മറ്റുള്ളവർ വക വസ്തുക്കൾ.
2. കേരള സംസ്ഥാനത്ത്, പാലക്കാട് ജില്ലയിൽ, ഒറ്റപ്പാലം താലൂക്കിൽ, ശ്രീകൃഷ്ണപുരം 1 വില്ലേജിൽ, റീ സർവ്വേ നം.318/34-1 (പഴയ സർവേ നം.78/9, 76/6, 76/3, 76/4 & 77/8), ബ്ലോക്ക് നം. 69 ൽ പെട്ട 26.30 ആർസ് സ്ഥലവും കെട്ടിടവും മറ്റു സകലവിധ കുഴിക്കൂർ ചമയങ്ങളും. **ആധാര പ്രകാരം അതിരുകൾ: കിഴക്ക്:** പാറ്റ്വിൻ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് വക വസ്തു; **പടിഞ്ഞാറ്:** പഞ്ചായത്ത് റോഡ് & ബാലകൃഷ്ണൻ മാസ്റ്റർ വക വസ്തു; **വടക്ക്:** ബാലകൃഷ്ണൻ മാസ്റ്റർ വക വസ്തു; **തെക്ക്:** ബാക്കി വസ്തു.

സ്ഥലം : പാലക്കാട്, (ഒപ്പ്), , ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ്
തീയതി : 28-09-2026 സർഫാസി നിയമപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ.

E2609-603913